**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4588** **19-07-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാറിലെ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുല്ലപ്പെരിയാർ മേഖലയിലെ വള്ളക്കടവ് മുതൽ മുല്ലപ്പെരിയാർ ഡാം സൈറ്റ് വരെ റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് കേരളത്തിന് കത്ത് നൽകിയിട്ടുണ്ടോ; | (എ) | വള്ളക്കടവ് മുതൽ മുല്ലപ്പെരിയാർ ഡാം സൈറ്റ് വരെയുള്ള വനപാത പുനരുദ്ധരിക്കണമെന്നും പ്രസ്തുത റോഡിലുള്ള Cause Way (ചിറ)യുടെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാവശ്യപ്പെട്ടു കൊണ്ട് തമിഴ്നാട് ജലവിഭവ വകുപ്പ് എക്സിക്യൂട്ടിവ് എഞ്ചിനീയർ പെരിയാർ ടൈഗർ റിസർവ് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കത്ത് എന്നാണ് ലഭിച്ചതെന്നും റോഡിന്റെ നിർമ്മാണച്ചെലവ് തമിഴ്നാട് സർക്കാർ വഹിച്ചു കൊള്ളാമെന്ന് കത്തിൽ അറിയിച്ചിരുന്നോയെന്നും ആരാണ് തമിഴ്നാട് സർക്കാരിന് വേണ്ടി കത്തയച്ചതെന്നും അറിയിക്കുമോ ; | (ബി) | പ്രസ്തുത കത്തും പ്രൊപ്പോസലും 16/08/2012 തീയതിയിൽ തമിഴ്നാട് സർക്കാരിന് വേണ്ടി എക്സിക്യൂട്ടിവ് എൻജിനീയർ, PWD (WRD), പെരിയാർ ഡാം സ്പെഷ്യൽ ഡിവിഷൻ കമ്പം പെരിയാർ ഈസ്റ്റ് ഡിവിഷൻ ഓഫീസിൽ നൽകിയിരുന്നു. ഈ പ്രൊപ്പോസലിൽ വ്യക്തത വരുത്തി സമർപ്പിക്കുന്നതിന് പെരിയാർ ഈസ്റ്റ് ഡിവിഷൻ ഓഫീസിൽ നിന്ന് നൽകിയ നിർദ്ദേശ പ്രകാരം 11/06/2015 തീയതിയിൽ ഫോറസ്റ്റ് ക്ലിയറൻസിനായി ഓൺലൈൻ പോർട്ടൽ മുഖേന പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. തുടർന്ന് തമിഴ്നാട് ജലവിഭവ വകുപ്പിലെ കമ്പം പെരിയാർ ഡാം സ്പെഷ്യൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സാം ഇർവിൻ 30.06.2022 തീയതിയിലെ 70M/DB/AET/F.VR/2022 നം കത്ത് മുഖാന്തിരം ആവശ്യമെങ്കിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള ചെലവ് തമിഴ്നാട് സർക്കാർ വഹിച്ചു കൊള്ളാമെന്നും, അല്ലെങ്കിൽ തമിഴ്നാട് ജലവിഭവ വകുപ്പ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്തു കൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡ് അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ കാരണമായി എന്തൊക്കെ | (സി) | കഴിഞ്ഞ വർഷകാലത്ത് പ്രസ്തുത റോഡിനു സാരമായ കേടുപാടുകൾ സംഭവിച്ചതായും, നീർച്ചാലിനു കുറുകെയുള്ള ചിറ (Causeway) |

| | | | |
|---|---|---|---|
| | കാര്യങ്ങളാണ് കത്തിൽ പറഞ്ഞിട്ടുള്ളത്; വിശദമാക്കാമോ; | | ഉൾപ്പെടെ ഒലിച്ചു പോയതിനാൽ, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പരിപാലനത്തിനാവശ്യമായ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ ഡാം സൈറ്റിലേക്ക് എത്തിക്കുന്നതിനു ബുദ്ധിമുട്ട് നേരിടുന്നതായും, അതിനാൽ Causeway യുടെ കേടുപാടുകൾ പരിഹരിച്ച് ഡാമിലേക്കുള്ള റോഡ് മാർഗ്ഗം യുദ്ധകാല അടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കണമെന്നുമാണ് കത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്. |
| (ഡി) | പ്രസ്തുത കത്തിന്മേൽ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ഡി) | വള്ളക്കടവ് മുതൽ ഡാം സൈറ്റുവരെ പോകുന്ന വനപാതയിലെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് വിവിധ അനുമതികൾ ലഭ്യമാക്കുന്നതിനായി തമിഴ്നാട് അധികൃതർ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ PARIVESH പോർട്ടൽ മുഖാന്തിരം 2015-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കേരള വനം വകുപ്പ് അധികൃതർ നിർദ്ദേശിച്ച പ്രകാരം പ്രൊപ്പോസലിലെ അപാകതകൾ തമിഴ്നാട് അധികൃതർ പരിഹരിക്കാത്തതിനാലും അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കാത്തതിനാലും ആയതിനു ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. നിലവിൽ ഈ വിഷയം സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പെരിയാർ കടുവ സങ്കേതം ഉൾപ്പെടുന്ന സംരക്ഷിത വനമേഖലയിൽ ഉൾപ്പെടുന്നതിനാൽ വനം വകുപ്പുമായി ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത റോഡിന്റെ തകർച്ചക്ക് കാരണം യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതാണോ; എങ്കിൽ വിശദാംശം നൽകുമോ; | (ഇ) | 2019-ലാണ് വനം സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി അവസാനമായി വനം വകുപ്പ് മുഖാന്തിരം അറ്റകുറ്റപണികൾ നടത്തിയത്. വനം വകുപ്പ്, വനം സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ആവശ്യാനുസരണം അറ്റകുറ്റപണികൾ നടത്തി വരുന്നു. |
| (എഫ്) | ഏറ്റവുമൊടുവിൽ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണം നടത്തിയ തീയതി അറിയിക്കുമോ; | (എഫ്) | 2019-ലാണ് വനം സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി അവസാനമായി വനം വകുപ്പ് മുഖാന്തിരം അറ്റകുറ്റപണികൾ നടത്തിയത്. വനം വകുപ്പ്, വനം സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ആവശ്യാനുസരണം അറ്റകുറ്റപണികൾ നടത്തി വരുന്നു. |
| (ജി) | പ്രസ്തുത റോഡ് നിർമ്മാണം നിർവ്വഹിക്കേണ്ടത് ഏത് ഓഫീസാണെന്നും ആരുടെയൊക്കെ അനുമതിയാണ് ആവശ്യമായി വരുന്നതെന്നും വ്യക്തമാക്കാമോ? | (ജി) | പെരിയാർ കടുവ സങ്കേതം ഉൾപ്പെടുന്ന സംരക്ഷിത വനമേഖലയിലാണു പ്രസ്തുത റോഡ് സ്ഥിതി ചെയ്യുന്നതെന്നതിനാൽ റോഡിന്റെ നിർമ്മാണം, പുനരുദ്ധാരണം എന്നിവ വനം വകുപ്പിന്റെ അധീനതയിലാണ്. പ്രസ്തുത റോഡിന്റെ |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപണികൾ നടത്തുന്നതിന് സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫ്, നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം എന്നിവയുടെ അനുമതി ആവശ്യമാണ്. അനുമതി ലഭിക്കുകയാണെങ്കിൽ ടി പ്രവൃത്തി വനം, ജലസേചനം (ചെറുകിട ജലസേചനം) എന്നീ വകുപ്പുകൾ സംയുക്തമായി പരിശോധിച്ച് User Agency ആയ തമിഴ്നാട് PWD(WRD) ആണ് നിർവ്വഹിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ